# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1302** **11.06.2019 -ൽ മറുപടിയ്ക്ക്**

## എയ്ഡഡ് പൊതുവിദ്യാലയങ്ങൾ

ചോദ്യം **ഉത്തരം**

**ശ്രീ.എം. നൗഷാദ്**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) എയ്ഡഡ് പൊതുവിദ്യാലയങ്ങൾ ഹൈടെക്ക് ആക്കുന്ന പദ്ധതി ഈ അദ്ധ്യയന വർഷവും തുടരുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) സർക്കാർ, എയ്ഡഡ് വ്യത്യാസമില്ലാതെ സജ്ജമായ എല്ലാ ഹൈസ്കൂൾ, ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ഉപകരണ വിതരണം പൂർത്തിയാക്കുകയും ഹൈടെക് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇരവിപുരം മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങളിലാണ് രണ്ടാംഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നതെന്ന് വിശദീകരിക്കുമോ; | ബി) ഹൈസ്കൂൾ, ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കുള്ള ഹൈടെക് സ്കൂൾ പദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കിക്കഴിഞ്ഞു. പ്രൈമറി വിഭാഗത്തിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് ഇരവിപുരം മണ്ഡലത്തിലെ 31 സ്കൂളുകളിലേയ്ക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) പദ്ധതി യു.പി., എൽ.പി വിഭാഗത്തിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇരവിപുരം നിയോജകമണ്ഡലത്തിൽ ഏതൊക്കെ എൽ.പി.,യു.പി സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; ഓരോ സ്കൂളിലും എത്ര ക്ലാസ് മുറികൾ വീതം ഹൈടെക്ക് ആക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | സി) ഉണ്ട്; സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറിവിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇരവിപുരം മണ്ഡലത്തിലെ 31 പ്രൈമറി സ്കൂളുകളിൽ ലാബ് സജ്ജമാക്കുന്നതിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൈമറി വിഭാഗം സ്കൂളുകളിൽ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല നടപ്പിലാക്കുന്നത്.പകരം ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സ്കൂളുകളിലേയ്ക്ക് നൽകുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ആവശ്യകതയ്ക്കനുസരിച്ച് ഏത് ക്ലാസിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിൽ സൗകര്യമുള്ള എല്ലാ ക്ലാസ് മുറികളിലും ഹൈടെക് സംവിധാനം പ്രയോജനപ്പെടുത്താവുന്ന വിധത്തിലാണ് ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ